(ഡി) ഏതു ഉത്തരവ് പ്രകാരമാണ് പ്രസ്തുത തസ്തിക സൃഷ്ടിച്ചത്; അതിന് ആവശ്യമായ അംഗീകാരം നേടിയിട്ടുണ്ടോ;

(ഡി) അംഗീകാരം ലഭ്യമായിട്ടില്ലെങ്കിൽ നിയമവിരുദ്ധമായി നിയമന ഉത്തരവ് നൽകിയ ഉദ്യോഗസ്ഥനിൽ നിന്നോ പ്രസ്തുത അധിക തസ്തികയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥന് നൽകിയ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും റേഷനിംഗ് കൺട്രോളറായി 30.11.2013-ൽ വിരമിച്ച ശ്രീ. കെ. രാധാകൃഷ്ണനെ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയിൽ വിദഗ്ധ ഉപദേഷ്ടാവ് മാനേജരായി നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) KSR Part III Rule 100 അനുസരിച്ച് 17-9-2014-ലെ സ.ഉ. (സാധാ) നമ്പർ 272/14/ഭ.സി.സ.വ. പ്രകാരം ശ്രീ. കെ. രാധാകൃഷ്ണനെ എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയിൽ വിദഗ്ധ ഉപദേഷ്ടാവ് മാനേജരായി നിയമിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

കൗൺസിൽ ഫോർ ഫുഡ് റിസർച്ചിലെ കോഴ്സുകൾ

262 (1346) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ കൗൺസിൽ ഫോർ ഫുഡ് റിസർച്ചിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്;

(ബി) ഏത് യൂണിവേഴ്സിറ്റിയുടെ അംഗീകാരമാണ് ഈ സ്ഥാപനത്തിനുള്ളത്;

(സി) ഓരോ കോഴ്സിനും എത്ര സീറ്റുകൾ വീതമാണുള്ളതെന്നും യോഗ്യതകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സി.എഫ്.ആർ.ഡി.-യിൽ B.Sc, M.Sc, ഫുഡ് ടെക്നോളജി & ക്വാളിറ്റി അഷ്വറൻസ് എന്നിവയിൽ ബിരുദവും ബിരുദാനന്തര ബിരുദ കോഴ്സുകളും നടത്തി വരുന്നു. കൂടാതെ ISO 22000 ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം, ട്രെയിനിംഗ് & സാനിറ്റേഷൻ, ഫുഡ് അഡൾട്രേഷൻ പ്രാക്ടീസ്, ഭക്ഷ്യ സംസ്കരണം, ധാന്യങ്ങളുടെ ഗുണപരിശോധന എന്നിങ്ങനെ ഹ്രസ്വകാല പരിശീലനങ്ങളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) B.Sc, M.Sc എന്നീ കോഴ്സുകൾ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അംഗീകാരത്തോടെ നടത്തിവരുന്നു.

(സി) B.Sc-30 സീറ്റ്, M.Sc-15 സീറ്റ്, ബി.എസ്.സി.-ക്ക് സയൻസ് വിഷയത്തിൽ പ്ലസ്ടുവിന് 50% മാർക്കും M.Sc യ്ക്ക് 50% മാർക്കോടെ ഫുഡ് സയൻസ്, കെമിസ്ട്രി, ലൈഫ് സയൻസ് വിഷയങ്ങളിൽ B.Sc, ബിരുദവുമാണ് അഡ്മിഷനുള്ള യോഗ്യത.

പെട്രോൾ ഡീസൽ പമ്പുകളുടെ നടത്തിപ്പ്

263 (1347) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ അനുവദിച്ച ഏതെങ്കിലും പെട്രോൾ ഡീസൽ പമ്പുകളുടെ നടത്തിപ്പ് സ്വകാര്യ വ്യക്തികൾക്കോ മറ്റ് പൊതു മേഖല കമ്പനികൾക്കോ കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം അത്തരത്തിൽ കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൈമാറിയതിനുള്ള വ്യവസ്ഥകൾ എന്തായിരുന്നു.; വിശദമാക്കുമോ;

(സി) ഉപഭോക്താക്കൾക്ക് നൽകേണ്ട സൗജന്യ സേവനങ്ങൾ പ്രസ്തുത പമ്പുകളിൽ ലഭ്യമാണോ എന്ന് പരിശോധിക്കാൻ വകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ഡി) സിവിൽ സപ്ലൈസ് പമ്പുകളിലേക്ക് ഇന്ധനം കൊണ്ടുവരുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്താറുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിന് സ്വന്തം വാഹന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് സപ്ലൈകോയെ താൽക്കാലികമായി ഏൽപ്പിച്ചിരുന്ന 2 പെട്രോൾ പമ്പുകൾ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് തന്നെ തിരിച്ചെടുത്തിട്ടുണ്ട്. സപ്ലൈകോ നേരിട്ട് ടി പമ്പുകൾ കൈമാറിയിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly